# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2571 | 14.02.2013-ൽ മറുപടിക്ക്

**എൻ. ആർ. എച്ച്. എം. അർബൻ ഹെൽത്ത് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | എൻ.ആർ.എച്ച്.എം. അർബൻ ഹെൽത്ത് പ്രോഗ്രാമിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ നിയമിച്ചിട്ടുണ്ട് ; | (എ) | 311 പേരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ പ്രവർത്തനം വിലയിരുത്താൻ ആർ.സി.എച്ച്. സൂപ്പർവൈസറെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ, സൂപ്പർവൈസർക്കു വേണ്ട നിശ്ചിത യോഗ്യതയുള്ള ആളെയാണോ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ബി) | തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. അതിൽ ഇടുക്കി, കാസർഗോഡ് ജില്ലകളിൽ നിലവിൽ ഹെൽത്ത് സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്ന ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അധിക ചുമതല നൽകുകയും തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ / ഡിസ്ട്രിക്ട് ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിന്നും വിരമിച്ചവരെയുമാണ് ആർ.സി.എച്ച്. സൂപ്പർ വൈസർമാരായി നിയമിച്ചിരിക്കുന്നത്. എല്ലാ ജില്ലകളിലും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർ തന്നെയാണ് ആർ.സി.എച്ച്. സൂപ്പർവൈസർമാരായി നിയമിച്ചിട്ടുള്ളത്. |
| (സി) | ഇങ്ങനെ നിയമിച്ച സൂപ്പർവൈസർക്ക് പൾസ് പോളിയോ പദ്ധതിയുടെ ചുമതല നൽകിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത സൂപ്പർവൈസർ അതിന് യോഗ്യതയുള്ള ആളാണോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | പ്രസ്തുത സൂപ്പർവൈസർ നിശ്ചിത യോഗ്യതയുള്ള ആളാണ്. |

സെക്ഷൻ ഓഫീസർ